നാല്

## ഉത്തമ സ്വഭാവം

നമ്മെ ആരും അറിയില്ല എന്നു കരുതുക, നീ ആരാണെന്ന് അവരിലാരും ചോദിക്കുന്നുമില്ല, വേണ്ടത്ര ശ്രദ്ധിക്കുന്നുമില്ല. നമുക്ക് ആവശ്യമായ പരിഗണനയും അവർ തരുന്നില്ല.

മോശമായല്ലേ? അതെ. ഇങ്ങനെ ജീവിച്ചാൽ ചില തകരാറുകളുമുണ്ട്. നാം വല്ല തെറ്റും ചെയ്താൽ ചിലപ്പോൾ ആളുകൾ നമ്മെ വല്ലാതെ ആക്ഷേപിക്കും. അപ്പോൾ എന്തു ചെയ്യും?

പണിയുണ്ട്. എന്താണെന്നല്ലേ? നല്ല സ്വഭാവവും ഉത്തമ ശീലങ്ങളും വളർത്തിയെടുക്കുക. അപ്പോൾ ആളുകൾ നമ്മെ ശ്രദ്ധിക്കുകയും ആദരിക്കുകയും ചെയ്യും.

നാം ആരാണെന്ന് ജനം മനസ്സിലാക്കുന്നതും നമ്മെ ആദരിക്കുന്നതുമൊക്കെ നമ്മുടെ സ്വഭാവത്തെ ആശ്രയിച്ചാണ്. ഉത്തമ സ്വഭാവമുള്ളവരെ ആളുകൾ ഇഷ്ടപ്പെടുകയും അവരുടെ കാര്യം പ്രത്യേകം പരിഗണിക്കുകയും അവരുടെ അബദ്ധങ്ങൾ പൊറുത്തുകൊടുക്കുകയും ചെയ്യും.

നാം ആരാണ്, നമ്മുടെ സംസ്കാരം ഏതാണ്, നമ്മുടെ വിദ്യാഭ്യാസനിലവാരം എത്ര എന്നൊക്കെ അറിയുന്നത് നമ്മുടെ സ്വഭാവത്തിലൂടെയാണ്.

ഉത്തമസ്വഭാവികളെയാണ് ദൈവം ഇഷ്ടപ്പെടുകയുള്ളൂ. സ്വഭാവം മോശമായ ആളെ പിശാച് വിട്ടൊഴിയുകയില്ല. പിശാച് ഒരുപാട് തെറ്റുകുറ്റങ്ങളും അബദ്ധങ്ങളും പ്രശ്നങ്ങളും അവൻ മുഖേന ഉണ്ടാക്കും.

നല്ല സ്വഭാവത്തോടു കൂടിയാണ് നാം ജീവിക്കേണ്ടത്. നല്ലത് വായിക്കുക, ചീത്ത കൂട്ടുകെട്ടുകൾ വെടിയുക, നല്ല കൂട്ടുകാരുമായി ചങ്ങാത്തത്തിലാവുക, ദൈവത്തെ സദാ സ്മരിക്കുക. ഇതൊക്കെ നാം പതിവാക്കണം. അതണ് നല്ല സ്വഭാവം ഉണ്ടാക്കിയെടുക്കാനുള്ള വിദ്യ.

കൂട്ടുകാരുമായി ശണ്ഠ കൂടുക, മുതിർന്നവരെ അനാദരിക്കുക, അനുസരക്കേട് കാണിക്കുക, കള്ളം പറയുക, അലസത കാണിക്കുക, മാതാപിതാക്കളെ ധിക്കരിക്കുക ഇതൊക്കെ ചീത്ത സ്വഭാവമാണ്. അങ്ങനെ ജീവിച്ചാൽ ആളുകൾ നമ്മെ വെറുക്കും. ദൈവവും വെറുക്കും. അത് നമ്മുടെ നാശത്തിന് കാരണമാകും.